# നിയമപരിഷ്കരണ ശിപാർശകളും മുസ്‌ലിം സമുദായവും

**2007** ജനുവരി 17ന് കേരള സർക്കാർ, ജസ്റ്റിസ് വി.ആർ കൃഷ്ണയ്യർ അധ്യക്ഷനായി നിയമിച്ച നിയമപരിഷ്കരണ കമീഷൻ അതിന്റെ ശിപാർശകളുടെ കരട് രൂപം ഇക്കഴിഞ്ഞ ജനുവരി 7ന് സംസ്ഥാന നിയമമന്ത്രി എം. വിജയകുമാറിന് കൈമാറിയിരിക്കുന്നു. സന്താന നിയന്ത്രണം മുതൽ ഹർത്താൽ നിയന്ത്രണം വരെ, ജനജീവിതവുമായും പൊതുഭരണവുമായും ബന്ധപ്പെട്ട ഒട്ടനവധി നിയമപരിഷ്കാരങ്ങൾ അതുൾക്കൊള്ളുന്നതായാണ് റിപ്പോർട്ട്. അവയിൽ ചിലത് കേരളത്തിലെ മുഖ്യ മതവിഭാഗങ്ങളുടെ ആചാര സമ്പ്രദായങ്ങളുമായി ബന്ധപ്പെട്ടതാണ്. ദയാവധം അനുവദിക്കാനും രണ്ടിൽ കൂടുതൽ കുട്ടികളുണ്ടാകുന്നവർക്ക് സർക്കാർ ആനുകൂല്യങ്ങൾ നിഷേധിക്കാനുമുള്ള ശിപാർശകളോട് മുസ്‌ലിം-ക്രൈസ്തവ വിഭാഗങ്ങൾ ഒരുപോലെ വിയോജിക്കുന്നു. ക്രൈസ്തവ വിവാഹ നിയമം പരിഷ്കരിക്കാനും സഭാ സ്വത്തുക്കളുടെ നിയന്ത്രണം തെരഞ്ഞെടുക്കപ്പെട്ട ട്രസ്റ്റുകളിൽ നിക്ഷിപ്തമാക്കാനുമുള്ള നിർദേശം ആ മതവിഭാഗത്തിന്റെ പാരമ്പര്യ സമ്പ്രദായങ്ങളുമായി ഏറ്റുമുട്ടുന്നതാണ്. മുസ്‌ലിം സമുദായത്തിൽ നിലവിലുള്ള ബഹുഭാര്യാത്വ സങ്കൽപത്തെ വെല്ലുവിളിക്കുന്നതാണ് മുസ്‌ലിംകളിലെ ബഹുഭാര്യാത്വം നിയന്ത്രിക്കണമെന്ന ശിപാർശ. ഹൈന്ദവ ക്ഷേത്രങ്ങളിൽ ശാന്തിക്കാരും പൂജാരിമാരുമായി സേവനമനുഷ്ഠിക്കാൻ അവർണ വിഭാഗങ്ങൾക്കും അവസരം നൽകണമെന്നനുശാസിക്കുന്ന നിയമം നിലവിലുള്ള ക്ഷേത്രാചാരത്തെ തിരുത്തുന്നു.

ഈ നിർദേശങ്ങൾക്കെതിരെ മൂന്നു മതവിഭാഗങ്ങളിൽനിന്നും എതിർപ്പുകൾ ഉയരുക സ്വാഭാവികം. ക്രൈസ്തവ-മുസ്‌ലിം സമുദായങ്ങളിലെ മുഖ്യ മത സംഘടനകൾ, ആ മതങ്ങളുടെ ആചാരസമ്പ്രദായങ്ങളുമായി ഇടയുന്ന പരിഷ്കരണ നിർദേശങ്ങളെ ശക്തിയായി എതിർക്കുന്നു. ഒറ്റപ്പെട്ട ചിലർ മാത്രമേ അനുകൂലിക്കുന്നുള്ളൂ. എന്നാൽ ഹിന്ദുസമുദായത്തിലെ ഭൂരിപക്ഷമായ അവർണ വിഭാഗങ്ങൾ കമീഷനെ അനുകൂലിക്കുകയാണ്; സവർണരുടെ യോഗക്ഷേമസഭ മാത്രമേ എതിർക്കുന്നുള്ളൂ. മതവിശ്വാസത്തിലേക്കും വ്യക്തിനിയമത്തിലേക്കുമുള്ള സർക്കാറിന്റെ കടന്നുകയറ്റമാണ് കമീഷൻ ശിപാർശകളെന്നാണ് എതിർക്കുന്നവരുടെ വാദം. വളരെ കാലമായി മതത്തിന്റെ പേരിൽ നിലനിന്നുവരുന്ന അനാചാരങ്ങളും അനീതികളും നിർമാർജനം ചെയ്യാനുള്ള ശ്രമമാണ് നിയമപരിഷ്കരണ കമീഷന്റേതെന്ന് അനുകൂലിക്കുന്നവർ പറയുന്നു.

നിയമപരിഷ്കരണ ശിപാർശകളുടെ കരട്രൂപമേ ഇതെഴുതുമ്പോൾ പുറത്തുവന്നിട്ടുള്ളൂ. അന്തിമരൂപം ജനുവരി 24-നാണ് സർക്കാറിന് സമർപ്പിക്കുക. കമീഷൻ നിർദേശിച്ച പരിഷ്കരണങ്ങൾ ആറു മാസത്തിനകം നടപ്പിലാക്കുമെന്ന് നിയമമന്ത്രി ആദ്യം പ്രസ്താവിച്ചുവെങ്കിലും വിശദമായി പഠിച്ച ശേഷമേ നടപ്പിലാക്കൂ എന്ന് അദ്ദേഹം തന്നെ പിന്നീട് അറിയിക്കുകയുണ്ടായി. നിർദിഷ്ട പരിഷ്കാരങ്ങൾ പാർലമെന്റിന്റെ കൂടി അനുമതിയില്ലാതെ കേരള ഗവൺമെന്റിന് തനിച്ച് നടപ്പിലാക്കാൻ കഴിയുമോ എന്ന് ഭരണഘടനാ വിദഗ്ധരും നിയമവിശാരദന്മാരും സംശയം പ്രകടിപ്പിക്കുന്നുണ്ട്. കമീഷൻ റിപ്പോർട്ട് എൽ.ഡി.എഫിന്റെ മുമ്പിൽ വരികയോ നിയമസഭ പരിഗണിക്കുകയോ സർക്കാർ തീരുമാനമെടുക്കുകയോ ഒന്നും ചെയ്തിട്ടില്ലെന്ന് ഭരണകക്ഷി നേതാവ് പിണറായി വിജയൻ പറഞ്ഞു. അടുത്ത ലോക്സഭാ തെരഞ്ഞെടുപ്പിനു മുമ്പ് ഇടതു മുന്നണി ഇക്കാര്യത്തിൽ വ്യക്തമായ തീരുമാനമെടുക്കുമെന്ന് തോന്നുന്നില്ല.

സമൂഹത്തിൽ നീതിയും ധർമവും പാലിക്കപ്പെടുന്നതിനു വേണ്ടി ഏർപ്പെടുത്തപ്പെടുന്നതാണ് നിയമങ്ങൾ. ചില നിയമങ്ങൾ അതുണ്ടാക്കിയ സാമൂഹിക സാഹചര്യം മാറുമ്പോൾ ലക്ഷ്യം നേടാൻ പര്യാപ്തമല്ലാതാകും. അപ്പോൾ ആ നിയമം പരിഷ്കരിക്കേണ്ടിവരും. പരസ്പര ബന്ധങ്ങളിലും ഇടപാടുകളിലുമുള്ള മതനിയമങ്ങളുടെയും ലക്ഷ്യം നീതിയുടെയും ധർമത്തിന്റെയും സാക്ഷാത്കാരംതന്നെയാണ്. അവയുടെയും പ്രയോഗരീതികളിൽ കാലക്രമേണ അനീതിക്കും അധർമത്തിനും കടന്നുവരാനുള്ള ദ്വാരങ്ങൾ വീഴാം. അപ്പോൾ ആ പ്രയോഗരീതികളിലും മാറ്റം അനിവാര്യമാകും. ആദർശ വിശ്വാസങ്ങളും അനുഷ്ഠാനക്രമങ്ങളും മാത്രമേ അതിൽനിന്നൊഴിവാകൂ. മതങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങൾ നിർമിക്കാനും പരിഷ്കരിക്കാനും മതേതര നിയമശാസ്ത്രത്തിലുള്ള വ്യുൽപത്തി-അതെത്ര അഗാധമായാലും - മാത്രം പോരാ; അതതു മതങ്ങളുടെ തത്ത്വങ്ങളിലും ധർമശാസനകളിലും അവഗാഹമുള്ള പണ്ഡിതന്മാരുടെ സഹകരണവും കൂടി അനിവാര്യമാണ്. നിർദിഷ്ട പരിഷ്കരണങ്ങൾ നടപ്പിലാക്കുന്നതിന് മോണിറ്റർ ചെയ്യുന്ന സമിതിയിൽ മുസ്‌ലിം പണ്ഡിതന്മാരെയും നിയമജ്ഞരെയും ഉൾപ്പെടുത്തണമെന്ന് കമീഷൻ ചെയർമാൻ ജസ്റ്റിസ് കൃഷ്ണയ്യർ നിർദേശിച്ചത് ഈ അർഥത്തിലാണെങ്കിൽ സ്വാഗതാർഹമാണ്.

ഇസ്‌ലാമിലെ ബഹുഭാര്യാത്വവും ത്വലാഖും സംബന്ധിച്ച നിയമങ്ങൾ ദുരുപയോഗം ചെയ്യപ്പെടുന്നതായി ഈ കോളത്തിൽ നേരത്തേ ചൂണ്ടിക്കാണിച്ചിരുന്നു. അത് തടയാൻ നിയമപരിഷ്കരണ കമീഷൻ ഉന്നയിച്ച നിർദേശങ്ങൾ ഇസ്‌ലാമിക മൂല്യങ്ങൾക്കും നൈതിക തത്ത്വങ്ങൾക്കും അനുഗുണമാണോ? ഇപ്പോൾ നടമാടുന്ന അനീതികൾ തുടച്ചുനീക്കാൻ പര്യാപ്തമാണോ? അതല്ല ഇപ്പോഴുള്ളതിനേക്കാൾ കടുത്ത അനീതികൾ കടന്നുവരാനുള്ള കവാടമായിത്തീരുമോ? ഇതൊക്കെയാണ് ഈ ഘട്ടത്തിൽ പരിശോധിക്കപ്പെടേണ്ടത്. പരിഷ്കരണങ്ങൾ മതതത്ത്വങ്ങൾക്കും നൈതിക താൽപര്യങ്ങൾക്കും വിരുദ്ധമാണെങ്കിൽ എതിർക്കപ്പെടുകതന്നെ വേണം. എതിർപ്പ് ഇസ്‌ലാമിക തത്ത്വങ്ങളിലധിഷ്ഠിതവും അനീതിയും അക്രമവും പരിഹരിക്കാൻ പര്യാപ്തവുമായ ബദൽ പരിഷ്കാരങ്ങൾ നിർദേശിക്കുന്നതോടൊപ്പമായിരിക്കുകയും വേണം.

നിയമപരിഷ്കരണമെന്നാൽ ബഹുഭാര്യാത്വ നിരോധനമാണ് എന്ന മട്ടിൽ അതിൽ മാത്രം ഊന്നി ബഹളം കൂട്ടുന്നത് ആശാസ്യമല്ല. ദയാവധത്തെയും നിർബന്ധ സന്താന നിയന്ത്രണത്തെയും മുസ്‌ലിംകൾ എതിർക്കേണ്ടതല്ലേ? നിയമപരിഷ്കരണ കമീഷൻ 102 പരിഷ്കാരങ്ങൾ ശിപാർശ ചെയ്തിട്ടുണ്ട്. അതിൽ പത്തിൽ താഴെ ശിപാർശകളെക്കുറിച്ചാണ് വിവാദങ്ങളെല്ലാം. ബാക്കിയുള്ള പരിഷ്കരണങ്ങളൊക്കെ കുറ്റമറ്റതാണോ? എങ്കിൽ തെറ്റുകളെ വിമർശിക്കുന്നവർ ശരികളെ പിന്തുണക്കാനും മുന്നോട്ടുവരേണ്ടതില്ലേ? നീതിയും സത്യവും എവിടെയാണോ അവിടെയാണ് ഇസ്‌ലാം. അനീതി മതവിഷയത്തിലോ ഭൗതികവിഷയത്തിലോ, എവിടെയായാലും ഇസ്‌ലാമിനെതിരാണ്. മുസ്‌ലിംകൾ അതിനെ എതിർക്കണം.

മുസ്‌ലിം പണ്ഡിതന്മാരും ബുദ്ധിജീവികളും നിർദിഷ്ട നിയമപരിഷ്കരണങ്ങളെ മൊത്തത്തിൽ പഠിക്കാനും ഇസ്‌ലാമിക നൈതിക മാനദണ്ഡം കൊണ്ട് അളന്ന് അഭിപ്രായ രൂപീകരണം നടത്താനും ബാധ്യസ്ഥരാണ്. സമുദായത്തെ പൊതുവിൽ ബാധിക്കുന്ന പ്രശ്നങ്ങളിൽ ഓരോരോ നേതാക്കൾ അവരവർക്ക് തോന്നിയ പ്രസ്താവനകളിറക്കിക്കൊണ്ടിരിക്കുന്ന പ്രവണത ഈ സമുദായത്തിന്റെ ശൈഥില്യത്തെയാണ് വിളിച്ചറിയിക്കുന്നതെന്ന് എല്ലാവരും ഓർക്കുന്നത് നന്ന്. ഇത്തരം സാഹചര്യങ്ങളിൽ സംഘടനാപരമായ ഭിന്നതകൾ മാറ്റിവെച്ച് എല്ലാവർക്കും ഒന്നിച്ചിരുന്ന് പ്രശ്നങ്ങൾ ചർച്ച ചെയ്യാനും സമുദായത്തിന്റെ ഏകാഭിപ്രായം രൂപപ്പെടുത്താനും അത് സർക്കാറിന്റെ മുന്നിൽ സമർപ്പിക്കാനും കഴിയണം. സമുദായത്തിൽ ഭൂരിപക്ഷത്തിന്റെ പിന്തുണയുള്ള സംഘടനകളും നേതാക്കളുമാണ് അതിനു മുൻകൈയെടുക്കേണ്ടത്. ■